**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **09-12-2022 - ൽ മറുപടിയ്ക്ക്**

**സീ അഷ്ടമുടി ടൂറിസം - ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സീ അഷ്ടമുടി പാസഞ്ചർ - കം -ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം ജില്ലയുടെ ഹൃദയ ഭാഗത്തായി സ്ഥിതി ചെയ്യുന്ന സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് ജെട്ടിയിൽ നിന്ന് ആരംഭിച്ച് കാവനാട്, കുരീപ്പുഴ, സാമ്പ്രാണിക്കോടി, അഷ്ടമുടി കായൽ, പെരിങ്ങാലം, പേഴംതുരുത്ത്, മൺറോതുരുത്ത് വരെ പോയി തിരികെ വരുന്ന രീതിയിലാണ് സീ അഷ്ടമുടി ടൂറിസം സർവ്വീസ് ക്രമീകരിച്ചിരിക്കുന്നത്. സർവ്വീസ് നടത്തുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഈ ബോട്ട് നിലവിൽ കേരള മാരി ടൈം ബോർഡ്, ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് എന്നീ സുരക്ഷാ ഏജൻസികളുടെ സർവ്വേ നടപടികൾ പൂർത്തിയാകുന്നതിലേക്കായി അഷ്ടമുടി കായലിൽ തന്നെ ട്രയൽ സർവ്വീസ് നടത്തിവരുന്നുണ്ട്. ഈ നടപടികൾ പൂർത്തിയാക്കി ഡിസംബർ മാസം അവസാന വാരത്തോടുകൂടി പൊതുജന സേവനത്തിനായി നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ